(ബി) ഇല്ല.

(സി) അതോറിറ്റി നൽകിയിട്ടുള്ള മീറ്ററുകൾക്കുമാത്രമേ വാടക ഈടാക്കാറുള്ളൂ. ആയത് നിലവിലെ നിയമപ്രകാരവും അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഉപഭോക്താവും തമ്മിൽ വാട്ടർ കണക്ഷൻ സംബന്ധിച്ച് ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലുമാണ്. ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അതോറിറ്റിയുടേതായ വാട്ടർ മീറ്ററുകളിൽനിന്നും മാത്രമേ വാടക ഈടാക്കുന്നുള്ളൂ. ഈ സാഹചര്യത്തിൽ നിയമഭേദഗതി ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിൻ പൊട്ടുന്നത് തടയാൻ നടപടി

161 (5051) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി, ഉള്ളിയാടൻകുന്ന്, ഞെള്ളോറ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിൻ നിരന്തരമായി പൊട്ടുന്നതുമൂലം എൻ.എച്ച്. 212 റോഡിൽ പലപ്പോഴായി കുഴിയെടുക്കേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പദ്ധതിയുടെ 80 എം.എം. എ.സി. പൈപ്പ് 1300 മീറ്റർ കാലപ്പഴക്കം കൊണ്ട് ഇടയ്ക്കിടെ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ എൻ.എച്ച്. 212-ൽ പൈപ്പ് പൊട്ടിയിട്ടില്ല.

ടി പമ്പിംഗ് മെയിൻ മാറ്റി 110 എം.എം 1300 മീറ്റർ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കാൻ ഏകദേശം 10 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതി നിർദ്ദേശം ആർ.ഡബ്ല്യു.എസ്സ്.എസ്സ്. ഇംപ്രൂവ്മെന്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ആരാധനാലയങ്ങളുടെ വെള്ളക്കരം

162 (5052) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളിൽ വെള്ളക്കരയിനത്തിൽ ഇളവുകളോ സൗജന്യങ്ങളോ നിലവിലുണ്ടായിരുന്നോ എന്നും ; ഇപ്പോൾ നിലവിലുണ്ടോ എന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരാധനാലയങ്ങളിൽ നിന്നും വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കാനുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾക്ക് വെള്ളക്കരയിനത്തിൽ ഇളവനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) അത്തരം ഇളവുകളോ സൗജന്യങ്ങളോ മുൻപ് നിലവിലുണ്ടായിരുന്നില്ല. ഇപ്പോഴും ഇല്ല.

(ബി) ഉണ്ട്. വിശദാംശം ശേഖരിച്ചുവരുന്നു.

(സി) പരിഗണനയിലില്ല.

കുപ്പിവെള്ളത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം

163 (5053) ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്ന പരിഹാരത്തിനായി എന്തെങ്കിലും പുതിയ പദ്ധതി ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ പ്ലാന്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എവിടെയാണ് പുതിയ പ്ലാന്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്ത് കുപ്പിവെള്ള നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പദ്ധതിയായി തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന് ഏകദേശം 313.65 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിന് പുറമേ കൊച്ചിയിലും കോഴിക്കോടും ഓരോ കുപ്പിവെള്ള ഫാക്ടറി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly